## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ: 3985 — 21.10.2016-ൽ മറുപടിയ്ക്ക്

## പ്രോജക്ടുകൾ സമർപ്പിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എൻ.എ.നെല്ലിക്കുന്ന് | | ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയം ഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| എ) | സംസ്ഥാനത്ത് എത്ര പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഉണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ; ഓരോ സ്ഥാപനത്തിലും ഉള്ള തസ്തികകളുടെ എണ്ണവും തസ്തികകൾ ഒഴിഞ്ഞു കിടക്കുകയാണെങ്കിൽ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്ത് 941 ഗ്രാമപഞ്ചായത്തുകളും 152 ബ്ലോക്ക് പഞ്ചായത്തുകളും 14 ജില്ലാ പഞ്ചായത്തുകളും 87 മുനിസിപ്പാലിറ്റികളും 6 കോർപ്പറേഷനുകളും ഉണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (1) ആയി ചേർക്കുന്നു. തസ്തികകളുടെ എണ്ണം സംബന്ധിച്ച വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | വാർഷിക പദ്ധതികൾക്ക് അംഗീകാരം നേടാനുള്ള സമയപരിധി അവസാനിച്ചപ്പോൾ പ്രോജക്ടുകൾ സമർപ്പിക്കാത്ത എത്ര തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ; | (ബി) | സംസ്ഥാനത്തെഎല്ലാ ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും തിരുവനന്തപുരം ഒഴികെയുള്ള മറ്റ് 13 ജില്ലാ പഞ്ചായത്തുകളും നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതി സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തിട്ടുണ്ട്. നിശ്ചിത സമയപരിധിക്കുള്ളിൽ പദ്ധതിക്ക് അംഗീകാരം ലഭിക്കാത്ത 5 കോർപ്പറേഷനുകളും 18 മുനിസിപ്പാലിറ്റികളും ഉണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് അനുബന്ധം (2) ആയി ചേർക്കുന്നു. |
| (സി) | പ്രോജക്ടുകൾ സമർപ്പിക്കാത്ത സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വെട്ടിക്കുറയ്ക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനു സ്വീകരിക്കുന്ന മാനദണ്ഡം എന്താണ്; | (സി) | 09.09.2016-ന് ശേഷം 30.09.2016-ന് മുമ്പായി വാർഷിക പദ്ധതി ഡി.പി.സി-ക്ക് അംഗീകാരത്തിന് സമർപ്പിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 5% തുകയും 30.09.2016-ന് ശേഷം പദ്ധതി സമർപ്പിക്കുന്ന സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും 10% തുക കുറവു ചെയ്യുന്നതിനും 07.09.2016-ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ |

| | | | |
|---|---|---|---|
| | | | സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗത്തിൽ തീരുമാനം എടുത്തിട്ടുണ്ട്. |
| (ഡി) | പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും ആവശ്യത്തിനു ഉദ്യോഗസ്ഥരില്ലാത്തതാണ് പ്രോജക്ടുകൾ തയ്യാറാക്കുന്നത് വൈകാൻ ഇടയാക്കിയതെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏത് തരത്തിലുള്ള പ്രതിവിധികളാണുദ്ദേശിക്കുന്നത്? | (ഡി) | ജീവനക്കാരുടെ കുറവ് ഒരു പരിധി വരെ പദ്ധതികൾ തയ്യാറാക്കുന്നത് വൈകാൻ കാരണമാകുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഒഴിവുകൾ നികത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ക്രമ നമ്പർ | ജില്ല | ഗ്രാമ പഞ്ചായത്ത് | ബ്ലോക്ക് പഞ്ചായത്ത് | ജില്ലാ പഞ്ചായത്ത് | മുനിസിപ്പാലിറ്റി | കോർപ്പറേഷൻ |
|---|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 73 | 11 | 1 | 4 | 1 |
| 2 | കൊല്ലം | 68 | 11 | 1 | 4 | 1 |
| 3 | പത്തനംതിട്ട | 53 | 8 | 1 | 4 | |
| 4 | ആലപ്പുഴ | 72 | 12 | 1 | 6 | |
| 5 | കോട്ടയം | 71 | 11 | 1 | 6 | |
| 6 | ഇടുക്കി | 52 | 8 | 1 | 2 | |
| 7 | എറണാകുളം | 82 | 14 | 1 | 13 | 1 |
| 8 | തൃശ്ശൂർ | 86 | 16 | 1 | 7 | 1 |
| 9 | പാലക്കാട് | 88 | 13 | 1 | 7 | |
| 10 | മലപ്പുറം | 94 | 15 | 1 | 12 | |
| 11 | കോഴിക്കോട് | 70 | 12 | 1 | 7 | 1 |
| 12 | വയനാട് | 23 | 4 | 1 | 3 | |
| 13 | കണ്ണൂർ | 71 | 11 | 1 | 9 | 1 |
| 14 | കാസർഗോഡ് | 38 | 6 | 1 | 3 | |
| | **ആകെ** | **941** | **152** | **14** | **87** | **6** |

## അനുബന്ധം - 2

**വാർഷിക പദ്ധതിക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ അംഗീകാരം ലഭിക്കാത്ത മുനിസിപ്പൽ കോർപ്പറേഷനുകൾ**

1. തിരുവനന്തപുരം
2. കൊല്ലം
3. കൊച്ചി
4. തൃശ്ശൂർ
5. കണ്ണൂർ

**വാർഷിക പദ്ധതിക്ക് നിശ്ചിത സമയപരിധിക്കുള്ളിൽ അംഗീകാരം ലഭിക്കാത്ത മുനിസിപ്പാലിറ്റികൾ**

| ജില്ല | മുനിസിപ്പാലിറ്റി |
|---|---|
| ആലപ്പുഴ | ചെങ്ങന്നൂർ |
| കോട്ടയം | ഈരാറ്റുപേട്ട |
| | ഏറ്റുമാന്നൂർ |
| | കോട്ടയം |
| എറണാകുളം | ആലുവ |
| | ഏലൂർ |
| | കളമശ്ശേരി |
| | മരട് |
| | നോർത്ത് പറവൂർ |
| | തൃപ്പൂണിത്തുറ |
| തൃശ്ശൂർ | ചാവക്കാട് |
| | ചാലക്കുടി |
| | ഗുരുവായൂർ |
| | കൊടുങ്ങല്ലൂർ |
| | കുന്നംകുളം |
| | വടക്കാഞ്ചേരി |
| കണ്ണൂർ | ആന്തൂർ |
| | മട്ടന്നൂർ |